# കേരളസർവകലാശാല

Re-accredited by NAAC with A++ GRADE

നം.പി.ആർ.01/2024 തിരുവനന്തപുരം, തീയതി: 01/01/2024


## പത്രക്കുറിപ്പ്

### കേരളസർവകലാശാല ഒന്നാം വർഷ എം.എഡ് പ്രവേശനം 2023 സ്പോട്ട് അലോട്ട്മെന്റ്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/ സ്വാശ്രയ കോളേജുകളിലെ ഒന്നാം വർഷ എം.എഡ് കോഴ്സിലേയ്ക്ക് 2024 ജനുവരി 6 ന് Govt. College of Teacher Education, Thycaud വച്ച് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നതാണ്. വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിന്റൗട്ട്, യോഗ്യത തെളിയിക്കുന്ന മാർക്ക് ലിസ്റ്റ്, എലിജിബിലിറ്റി സർട്ടിഫിക്കറ്റ് (for candidates of other Universities), Non Creamy Layer Certificate (for SEBC Candidates), കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC, ST Candidates) EWS സർട്ടിഫിക്കറ്റ്, Medical certificate (for Differently Abled Candidates), മറ്റു യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കേണ്ടതാണ്. സംവരണ വിഭാഗം സീറ്റുകൾക്ക് (എസ്.സി/എസ്.ടി വിഭാഗങ്ങൾ ഉൾപ്പെടെ) അതാത് വിഭാഗങ്ങളിലെ വിദ്യാർത്ഥികൾ ഇല്ലാത്തപക്ഷം പ്രസ്തുത സീറ്റുകൾ പ്രോസ്പെക്ടസ് പ്രകാരം മറ്റു വിഭാഗങ്ങളിലേക്ക് മാറ്റി നൽകുന്നതാണ്. അലോട്ട്മെന്റ് സെന്ററുകളിൽ വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കുകയുള്ളൂ. ഏതെങ്കിലും കാരണത്താൽ ഹാജരാകാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് സാക്ഷ്യപത്രം (authorization letter) നൽകി പ്രതിനിധിയെ അയക്കാവുന്നതാണ്. നിലവിൽ സർവകലാശാല അഡ്മിഷൻ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടില്ലാത്തവരെ, റാങ്ക് ലിസ്റ്റിലെ വിദ്യാർത്ഥികളെ പരിഗണിച്ചതിനു ശേഷം ഒഴിവുള്ള സീറ്റുകളിലേക്ക് പരിഗണിക്കുന്നതാണ്.

### പ്രാക്ടിക്കൽ/വൈവ-വോസി

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.പി.എ മ്യൂസിക്, ബി.പി.എ മ്യൂസിക് (മൃദംഗം) എന്നീ ഡിഗ്രി പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ 2024 ജനുവരി 16 മുതൽ 18 വരെ തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് ആന്റ് ബയോഡൈവേഴ്സിറ്റി പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജനുവരി 5 ന് അതാത് കോളേജിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ്. ബി.സി.എ. (332) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ 2024 ജനുവരി 8, 9, 10, 11 എന്നീ തീയതികളിൽ അതാത് കോളേജിൽ വച്ച് നടത്തുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ. ബിഹേവിയറൽ ഇക്കണോമിക്സ് & ഡാറ്റാ സയൻസ് പരീക്ഷയുടെ വൈവ–വോസി പരീക്ഷകൾ 2024 ജനുവരി 5 ന് അതാത് കോളേജുകളിൽ നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

കേരളസർവകലാശാല 2023 സെപ്റ്റംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ടെക്. ഡിഗ്രി 2013 സ്കീം (സപ്ലിമെന്ററി & സെഷണൽ ഇംപ്രൂവ്മെന്റ് വിദ്യാർത്ഥികൾ (2008 & 2013 സ്കീം) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ കീഴിലുള്ള ഓറിയന്റൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് മാനുസ്ക്രിപ്റ്റ്സ് ലൈബ്രറിയിൽ പി.ജി ഡിപ്ലോമ ഇൻ പാലിയോഗ്രാഫി ആന്റ് കൺസർവേഷൻ ഓഫ് മാനുസ്ക്രിപ്റ്റ്സ് കോഴ്സിലേക്ക് (റെഗുലർ) 2023-2024 അഡ്മിഷന് അപേക്ഷ ക്ഷണിച്ചു. യോഗ്യത: ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം, കുറഞ്ഞത് 50% മാർക്കോടെ പാസായിരിക്കണം. SC/ST വിഭാഗത്തിലുള്ള അപേക്ഷകർക്ക് കേരളസർവകലാശാല മാനദണ്ഡങ്ങൾ അനുസരിച്ചുള്ള ഇളവ് ഉണ്ടായിരിക്കുന്നതാണ്. പ്രായപരിധിയില്ല. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ഡിസംബർ 30 ൽ നിന്ന് 2024 ജനുവരി 31 വരെ നീട്ടിയിരിക്കുന്നു. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോറത്തിനും വെബ്സൈറ്റ് സന്ദർശിക്കുക (www.keralauniversity.ac.in). ഫോൺ: 0471-2308421/9495700985.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**